# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 131 — 30-09-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ :<br>ശ്രീ. എം.വിൻസെന്റ് :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. കെ.എസ്.ശബരീനാഥൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (എ) പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് കൺസഷൻ കരാർ അനുശാസിക്കുന്ന എല്ലാ നടപടികളും സർക്കാരും സർക്കാരിന്റെ നിർവ്വഹണ എജൻസിയായ വിഴിഞ്ഞം തുറമുഖകമ്പനിയും കൈകൊള്ളുന്നുണ്ട്. കൺസഷൻ കരാർ നിഷ്കർഷിക്കുന്നത് പ്രകാരം പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണച്ചുമതല കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിനാണ്. ഇത് ഉറപ്പുവരുത്തുന്നതിനായി കൺസഷൻ കരാറിൽ നാല് നിർമ്മാണ നാഴികക്കല്ലുകൾ നിഷ്കർഷിച്ചിട്ടുണ്ട് (Milestones). ഇതിന്റെ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര എജൻസിയായ (Independent Engineer) STUP Consultants Private Limited നെ പദ്ധതി കരാർ പ്രകാരമുള്ള ഒരു ടെണ്ടർ പ്രക്രിയയിലൂടെ തിരഞ്ഞെടുത്തിട്ടുണ്ട്.<br>പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയുള്ള തീരുമാനങ്ങൾ കൈകൊള്ളുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു Empowered Committee യും ഒരു Project Implementation Committee യും രൂപീകരിച്ച് പ്രവർത്തിക്കുന്നു. |
| (ബി) എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതിയനുസരിച്ച് നടത്തിയിട്ടുണ്ട് വിശദമാക്കുമോ ; | (ബി) നിർമ്മാണം ആരംഭിച്ച ഡിസംബർ 5-ാം തീയതി മുതൽ മണ്ണു പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായി. കൂടാതെ ഭാഗികമായുള്ള dredging & reclamation, 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. ഇതിൽ ബ്രേക്ക് വാട്ടറിൽ 400 മീറ്റർ നീളത്തിൽ കോർ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. |

(സി) പദ്ധതിയനുസരിച്ച് ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കൺസഷൻ കരാർ അനുസരിച്ച് കൺസഷണയർ പൂർത്തിയാക്കേണ്ട ശേഷിക്കുന്ന കാര്യങ്ങൾ താഴെ പറയുന്നവയാണ്:

1. ബ്രേക്ക് വാട്ടർ
2. ഡ്രെഡ്ജിംഗ്& റിക്ലമേഷൻ.
3. ബർത്തുകളുടെ നിർമ്മാണം.
4. ഉപകരണങ്ങളുടെ (വിവിധയിനം ക്രെയിനുകൾ, കണ്ടെയ്നർ നീക്കുന്നതിനുള്ള മറ്റു ഉപകരണങ്ങൾ മുതലായവ) സ്ഥാപിക്കൽ.
5. പദ്ധതിയെ ദേശീയ പാത 66 മായി ബന്ധിപ്പിക്കുന്ന 2 കി.മി നീളമുള്ള റോഡ്.
6. പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം.

സംസ്ഥാന സർക്കാർ അഥവാ വിഴിഞ്ഞം തുറമുഖ കമ്പനി പൂർത്തിയാക്കേണ്ട ശേഷിക്കുന്ന കാര്യങ്ങൾ താഴെ പറയുന്നവയാണ്:

1. ശേഷിക്കുന്ന ഭൂമിയുടെ ഏറ്റെടുക്കൽ
2. പദ്ധതിയെ നിലവിലെ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽ പാതയുടെ നിർമ്മാണം.
3. സീ ഫുഡ് പാർക്കിന്റെ നിർമ്മാണം.

(ഡി) വിഴിഞ്ഞം തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ എന്ന് പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) കരാർ പ്രകാരം വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങാൻ അനുവദിച്ചിട്ടുള്ള കാലയളവ് നാല് വർഷമാണ് (1465 ദിവസം). അതനുസരിച്ച് 2019 ഡിസംബർ 5 -ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അനുവദിച്ചിട്ടുള്ള നിർമ്മാണ കാലയളവ് നാല് വർഷമെന്നിരിക്കെ കൺസഷണയർ പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാനായി ഒരു ആയിരം ദിന ഉത്സുക കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**